10021/2023

<u>വിവരാവകാശ നിയമ പ്രകാരമുള്ള അപ്പീൽ അധികാരി & സാമൂഹ്യനീതി ജോയിന്റ് ഡയറക്ടറുടെ നടപടി ക്രമങ്ങൾ</u>

(ഹാജർ: സുഭാഷ് കുമാർ കെ വി )

ഉത്തരവ് നം. SJD /3218/2023-D3

തിരുവനന്തപുരം,
തീയതി. 07-08-2023

---

വിഷയം: സാമൂഹ്യനീതി വകുപ്പ് - വിവരാവകാശ നിയമം 2005- പ്രകാരമുള്ള അപ്പീൽ അപേക്ഷ - മറുപടി നൽകി തീർപ്പ് കൽപ്പിച്ച് ഉത്തരവു പുറപ്പെടുവിക്കുന്നു.

പരാമർശം : 1. കെ എസ് എസ് എം എക്സിക്യൂട്ടീവ് ഡയറക്ടറുടെ 25/07/2023 തീയതിയിലെ KSSM/259/2023-DEO5 നം കത്ത്.

2. സാമൂഹ്യ സുരക്ഷ മിഷൻ അപ്പലേറ്റ് അതോറിറ്റി (വിവരാവകാശം) മുമ്പാകെ താങ്കൾ സമർപ്പിച്ച അപ്പീൽ അപേക്ഷ , തീയതി 08/07/2023.

3. കെ എസ് എസ്എം അഡ്മിനിസ്ട്രേറ്റീവ് ആന്റ് അക്കൗണ്ട്സ് ഓഫീസറുടെ 13/03/2023 ലെ KSSM/259/2023-DEO 5 നം കത്ത് .

4. ശ്രീ ദിനേശ് എം വി വിവരാവകാശ നിയമ പ്രകാരം സമർപ്പിച്ച അപേക്ഷ , തീയതി 03/03/2023

5. ഈ കാര്യാലയത്തിൽ നിന്നുള്ള 05/04/2023 ലെ SJD/1648/2023-D3 നം കത്ത്

പരാമർശം (4) പ്രകാരം താങ്കൾ കേരള സാമൂഹ്യ സുരക്ഷ മിഷൻ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ മുമ്പാകെ സമർപ്പിച്ച അപേക്ഷ പരാമർശം (3) പ്രകാരം ഈ കാര്യാലയത്തിൽ ലഭ്യമായിരുന്നു. ആയതിന് മറുപടി ലഭിച്ചിട്ടില്ല എന്ന് കാണിച്ചുകൊണ്ട് പരാമർശം (2) പ്രകാരം താങ്കൾ സമർപ്പിച്ച അപ്പീൽ അപേക്ഷയും പരാമർശം (1) പ്രകാരം ഈ കാര്യാലയത്തിൽ ലഭ്യമായിട്ടുണ്ട്.

പരാമർശം (4) പ്രകാരം താങ്കൾ സമർപ്പിച്ച വിവരാവകാശ നിയമ പ്രകാരമുള്ള അപേക്ഷ 17/03/2023 തീയതിയിൽ ഈ കാര്യാലയത്തിൽ ലഭ്യമാവുകയും ആയതിന്മേലുള്ള മറുപടി 05-04-2023ന് തയ്യാറാക്കി പരാമർശം (5) പ്രകാരം ഈ കാര്യാലയത്തിൽ നിന്നും 11-4-2023ന് താങ്കൾക്ക് നേരിട്ട് അയച്ച് നൽകുകയും ചെയ്തിട്ടുണ്ട്.

വിവരാവകാശ നിയമ പ്രകാരം താങ്കളുടെ പരാമർശം (4) അപേക്ഷയ്ക്ക് ഈ കാര്യാലയത്തിൽ നിന്നും പരാമർശ (5) പ്രകാരം വിവരാവകാശനിയമം അനുശാസിക്കുന്ന സമയ പരിധിക്കുള്ളിൽ മറുപടി നൽകിയിട്ടുണ്ട് എങ്കിലും ആയത് ലഭ്യമായിട്ടില്ല എന്ന് അപ്പീൽ അപേക്ഷ മുഖാന്തിരം താങ്കൾ അറിയിച്ച സാഹചര്യത്തിൽ, പ്രസ്തുത മറുപടിയുടെ പകർപ്പ് ഇതോടൊപ്പം നൽകി കൊണ്ട് പരാമർശം (2) പ്രകാരം താങ്കൾ സമർപ്പിച്ച വിവരാവകാശ നിയമ പ്രകാരമുള്ള അപ്പീൽ

SJD/3218/2023-D3

10021/2023

അപേക്ഷ ഇന്നേ ദിവസം തീർപ്പ് കൽപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പ്രസ്തുത മറുപടിയിൽ താങ്കൾ തൃപ്തനല്ല എങ്കിൽ താഴെ പരാമർശിച്ചിട്ടുള്ള അപ്പീൽ അധികാരി മുമ്പാകെ താങ്കൾക്ക് അപ്പീൽ നൽകാവുന്നതാണ്.

അപ്പീൽ അധികാരി &
സംസ്ഥാന വിവരാവകാശ കമ്മീഷണർ
പുന്നൻ റോഡ്, തിരുവനന്തപുരം -695039

(ഒപ്പ്)

SUBASH KUMAR

സുഭാഷ് കുമാർ കെ വി
ജോയിന്റ് ഡയറക്ടർ & ഒന്നാം അപ്പീൽ അധികാരി
സാമൂഹ്യനീതി ഡയറക്ടറേറ്റ്
വികാസ് ഭവൻ, അഞ്ചാം നില
തിരുവനന്തപുരം

ശ്രീ ദിനേശ് എം വി
മുണ്ടത്ത് വീട്
പുത്തൻ പള്ളി
ഗുരുവായൂർ- 680103

പകർപ്പ് :

1. എക്സിക്യൂട്ടീവ് ഡയറക്ടർ, കേരള സാമൂഹ്യ സുരക്ഷ മിഷൻ